I ഇ.ബി. XV- കേരള നിയമസഭ/X-8

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഫെബ്രുവരി 14, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

30(*211) സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ ജില്ലകൾതോറും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിപ്രകാരം കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം 52.95 കോടി രൂപ ചെലവിൽ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയം ഉദ്ഘാടനസജ്ജമായിട്ടുണ്ട്; പാലക്കാട് വി.ടി ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയമുൾപ്പെടെ മറ്റ് സാംസ്കാരിക സമുച്ചയങ്ങളുടെ

നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ആലുവ സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 2024 ഫെബ്രുവരി 17-ന് മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. വനിതാ സംവിധായകരുടെ ഫീച്ചർ ഫിലിമുകൾക്ക് ധനസഹായം നൽകൽ, സ്ത്രീകൾക്കിടയിലെ സാഹിത്യ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാളികളുടെ സാംസ്കാരിക പാരമ്പര്യം പരിചയപ്പെടുത്തുന്നതിനുമുള്ള പരിപാടികൾ, ശ്രീനാരായണ അന്തർദേശീയ തീർത്ഥാടന പഠനകേന്ദ്രം മുഖേന ഗുരുദർശന പ്രചരണ പരിപാടികൾ, കലാ-സാംസ്കാരിക-സാഹിത്യ രംഗത്തെ പ്രമുഖരുടെ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനുമുള്ള പദ്ധതികൾ, യുവകലാകാരന്മാരെയും പ്രാദേശിക സാംസ്കാരിക വികസനത്തെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ്, നാടൻ കലകളെയും കൈത്തൊഴിലുകളെയും പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനുമുള്ള റൂറൽ ആർട്ട് ഹബ്ബ്, ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും പാതയോരങ്ങൾ സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന നാട്ടരങ്ങ്, ലിംഗസമത്വത്തിനായുള്ള 'സമം' സാംസ്കാരിക

സംരംഭം എന്നിവ സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാവുന്ന തരത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജില്ലാതലത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിസ്ട്രിക്ട് കൾച്ചറൽ പ്രൊമോഷൻ കൗൺസിലിന് രൂപം നൽകുന്നതാണ്. 4 മുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ ശാസ്ത്രബോധവും വ്യക്തിത്വ വികസനവും വളർത്തുന്നതിനായി 'ബാലകേരളം പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ട്. നല്ല സിനിമകൾ നാട്ടിൻപുറങ്ങളിലേയ്ക്ക് എന്ന ലക്ഷ്യത്തോടെ 'ടൂറിംഗ് ടാക്കീസ്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും കൊച്ചിയിൽ അത്യാധുനിക രീതിയിലുള്ള ഷൂട്ടിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31(*212) മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും 2022-23 വരെ 12 കോടി രൂപ ചെലവിൽ 7932 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത

പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണെന്നും യാനങ്ങളുടെ വലിപ്പവും എഞ്ചിൻ കുതിരശക്തിയും കണക്കിലെടുത്താണ് ഇൻഷ്വറൻസ് പ്രീമിയം തുക നിശ്ചയിക്കുന്നതെന്നും പരമാവധി യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. കഴിഞ്ഞ അഞ്ച് വർഷം മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ പ്രകാരം 73,03,675/- രൂപയുടെയും 2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നിവ മുഖേന യഥാക്രമം 2,70,41,700/- രൂപയുടെയും 2,30,27,500/- രൂപയുടെയും ആനുകൂല്യം നൽകിയിട്ടുണ്ട്. യാനവുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചാലുടൻ അർഹതപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുമെന്നും നാശനഷ്ടം സംഭവിക്കുന്ന വലകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32(*213) <u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളും പൗരബോധവും ഉയർത്തിപ്പിടിക്കുന്ന യുവതലമുറയെ വാർത്തെടുക്കുന്നതിനും ഇന്ത്യൻ ഭരണഘടനയെയും പാർലമെന്ററി ജനാധിപത്യ സംവിധാനത്തെയും കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുമായി 2022-23 അദ്ധ്യയന വർഷം മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (FDSJ) രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നിലവിൽ 66 കോളേജുകളിലും 208 സ്കൂളുകളിലും എഫ്.ഡി.എസ്.ജെ. രൂപീകരിച്ചിട്ടുണ്ട്. സ്കൂൾതല യൂത്ത് പാർലമെന്റ്/ കോളേജുതല മോഡൽ പാർലമെന്റ് മത്സരങ്ങൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപ്പശാലകൾ, ഭരണഘടനാ ദിനാഘോഷം എന്നിവയ്ക്കുപുറമേ സ്റ്റുഡന്റ്സ് സഭ, ജേണലുകളുടെ പ്രസിദ്ധീകരണം, ഇന്റേൺഷിപ്പ് എന്നിവയും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നുണ്ട്. ജനകീയ വിഷയങ്ങളെയും വികസന പ്രക്രിയകളെയും

വിദ്യാർത്ഥി സമൂഹവുമായി അടുപ്പിക്കുന്നതിനായി ആവിഷ്കരിച്ച സ്റ്റുഡന്റ്സ് സഭ 400-ലധികം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ ചേലക്കരയിൽ സംഘടിപ്പിച്ചുവെന്നും ഇത് 140 മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വനിതാ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കുമായി ഏകദിന ശിൽപശാലകൾ സംഘടിപ്പിച്ചുവെന്നും പാർലമെന്റ്-നിയമസഭാ-ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കായി പാർലമെന്ററി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് പരിഗണനയിലാണെന്നും ഭരണഘടനാ സാക്ഷരത ക്ലാസ്സുകൾ കുടുംബശ്രീ ഉൾപ്പടെയുള്ള മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

33(*214) <u>സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനും ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റിയും

സംയുക്തമായി ആരംഭിച്ച 'സ്റ്റാർട്ടപ്പ് സിറ്റി' പദ്ധതിയിൽ 07-2-2024 വരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് യഥാക്രമം 244, 64 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പദ്ധതി നടപ്പാക്കാനാവശ്യമായ തുകയിൽ 80% പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്നതും 20% വായ്പയായി ലഭ്യമാക്കുന്നതുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽനിന്നും ലൈസൻസുകൾ, ഗ്രാന്റുകൾ എന്നിവയും തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സാമ്പത്തിക സഹായം, വിദഗ്ദ്ധോപദേശം, വിപണനത്തിനുള്ള പിന്തുണ, ഓഫീസ് സ്ഥലസൗകര്യം എന്നിവയും നൽകുന്നതാണ്. എൻജിനീയറിംഗ്, ഐ.ടി. അധിഷ്ഠിത ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാരം, മാർക്കറ്റിംഗ്, കാർഷികം, നിർമ്മാണം ഉൾപ്പടെയുള്ള മേഖലകളിൽ പരിജ്ഞാനവും താല്പര്യവുമുള്ള യുവതീയുവാക്കൾക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകാനുദ്ദേശിക്കുന്നതെന്നും പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കോ അവരുടെ കൂട്ടായ്മ/സ്വാശ്രയ സംഘങ്ങൾക്കോ സാമ്പത്തിക സഹായം, വായ്പ, സബ്സിഡി, ഗ്രാന്റ് എന്നിവയും സാങ്കേതികവിദ്യയിലും നിർമ്മാണരംഗത്തുമുണ്ടാകുന്ന

പുരോഗതിക്കനുസൃതമായി മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും സ്റ്റാർട്ടപ്പ് സിറ്റി മുഖേന ലഭ്യമാക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

34(*215) മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായകമാക്കുവാൻ നടപടി

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മത്സ്യമേഖലയുടെ ഉന്നമനവും തൊഴിലും മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി നൂതന വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ചെറുകിട സംരംഭകർ, നിക്ഷേപകർ എന്നിവർ തമ്മിലുള്ള ആശയവിനിമയം സാധ്യമാക്കി, മേഖലയിൽ നിലനിൽക്കുന്ന ആവശ്യകതകളെയും വികസന വിടവുകളെയും നികത്തുന്നതിനുതകുന്ന സാങ്കേതികവിദ്യകൾ വികസിപ്പിച്ചും വാണിജ്യവൽക്കരിച്ചും സംരംഭകത്വ-തൊഴിൽ അന്വേഷകർക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഏകജാലക സംവിധാനമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കുന്നതാണ്. പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തി സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് എംബാങ്ക്മെന്റ് പദ്ധതിയും തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതിയും

ആരംഭിക്കുകയും 222 മത്സ്യഗ്രാമങ്ങളിലും സാഗർ മിത്രയുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വനിതാ മത്സ്യവിപണന തൊഴിലാളികൾക്കായി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച സൗജന്യ യാത്രാ പദ്ധതിയായ 'സമുദ്ര' എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്നും മുഴുവൻ മത്സ്യത്തൊഴിലാളികളെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരാനാണ് ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35(*216) <u>കുടിവെള്ള ഗുണനിലവാര പരിശോധനാ ലാബുകൾ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എസ്.ആർ.ഐ. സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 191 ലാബുകൾ പ്രവത്തനസജ്ജമാക്കുകയും ജലഗുണനിലവാര പരിശോധന സംസ്ഥാന-ജില്ലാടിസ്ഥാനത്തിൽ സ്ഥിരമായി വിലയിരുത്തപ്പെടുകയും നവകേരളം കർമ്മപദ്ധതിയിലെ റിസോഴ്സ്

പേഴ്സൺമാർ കൃത്യമായ ഇടവേളകളിൽ ലാബുകൾ സന്ദർശിച്ച് ആവശ്യമായ പിന്തുണ നൽകുകയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നതിനായി വിശദമായ ട്യൂട്ടോറിയൽ വീഡിയോയും കൈപ്പുസ്തകവും ബ്രോഷറും നൽകുകയും ചെയ്തിട്ടുണ്ട്. പരിശോധനാ ഫലത്തോടൊപ്പം ജലശുദ്ധി ഉറപ്പാക്കുന്നതിനുവേണ്ട തുടർനടപടികൾക്കുള്ള നിർദ്ദേശം നൽകുകയും പരിശോധനാ ഫലം ബന്ധപ്പെട്ട ഡി.എം.ഒ.-മാർക്കും തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കും നൽകുന്നതിനുള്ള സംവിധാനം ഒരുക്കുകയും തുടർപരിശോധനകൾ ആവശ്യമുള്ള സാമ്പിളുകൾ ജില്ലാ ആസ്ഥാനങ്ങളിലെ കൂടുതൽ സൗകര്യങ്ങളുള്ള ലാബുകളിലേയ്ക്ക് റഫർ ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആർ.കെ.ഐ. ഫണ്ടുപയോഗിച്ച് പമ്പ, പെരിയാർ നദീതട പ്രദേശത്തെ 5 ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും അവയിൽ 16 എണ്ണം ഉൾപ്പെടെ സംസ്ഥാനത്താകെ 207 ലാബുകൾ പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 321 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം വിവിധ ജില്ലകളിൽ പുരോഗമിക്കുകയുമാണ്. 2020-21, 2021-22 കാലയളവിലെ ജെ.ജെ.എം. പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളെയും 32 ഉപജില്ലാ ലാബുകളെയും

അധികമായി സ്ഥാപിച്ച 39 ഉപജില്ലാ ലാബുകളെയും നവീകരിച്ചിട്ടുണ്ടെന്നും ഇവയിൽ നൂൽപ്പുഴ, കാരഡ്ക്ക എന്നിവയൊഴികെ മറ്റെല്ലാ ഉപജില്ലാ ലാബുകൾക്കും NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്നും ഇവയുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണനിലവാരത്തിലുള്ള ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും കെമിസ്റ്റുമാർ അടക്കമുള്ള ജീവനക്കാരെ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നിയമിച്ചിട്ടുണ്ടെന്നും ഭൂജല വകുപ്പിന്റെ കീഴിൽ വരുന്ന 3 ലാബുകളെയും NABL accredited ലാബുകളാക്കുന്ന നടപടി പുരോഗമിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.